കർഷക പങ്കാളിത്തത്തോടുകൂടി ജലസേചന പദ്ധതികൾ

6 (*333) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക പങ്കാളിത്തത്തോടുകൂടി ജലസേചന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ സംരംഭങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇവയിൽ ഇക്കൊല്ലം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല. എന്നാൽ പൂർത്തീകരിച്ച ജലസേചന പദ്ധതികളിലെ തുടർന്നു വരുന്ന അറ്റകുറ്റപ്പണികളും ജലവിഭവ മാനേജ്മെന്റും കർഷക പങ്കാളിത്തത്തോടുകൂടി പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് എന്ന പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ജനപങ്കാളിത്തത്തോടുകൂടിയുള്ള ജലപരിപാലന പദ്ധതിപ്രകാരം മലമ്പുഴ ജലസേചന പദ്ധതിയിലെ കുന്നത്തൂർ ബ്രാഞ്ച് കനാൽ പ്രദേശത്തും നെയ്യാർ പദ്ധതിയിലെ ഓലത്താന്നി ബ്രാഞ്ച് കനാൽ പ്രദേശത്തും ഓരോ പൈലറ്റ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) നെയ്യാർ ബ്രാഞ്ച് കനാൽ പ്രദേശത്തെ പൈലറ്റ് പദ്ധതിക്ക് 32.62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭവാനിപ്പുഴയിലെ തടയണ നിർമ്മാണം സംബന്ധിച്ച് നിയമ നടപടികൾ

7 (*334) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവാനിപ്പുഴയിലെ തടയണ നിർമ്മാണം, വനനിയമം ലംഘിച്ചാണ് നടത്തിയിട്ടുള്ളതെന്ന കേന്ദ്ര ഗവൺമെന്റിന്റെ പരാമർശം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും കാവേരി നദീജല അതോറിറ്റിയിലും സംസ്ഥാന ഗവൺമെന്റിന്റെ നടപടിയെ തമിഴ്നാട് ഗവൺമെന്റ് ചോദ്യം ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭവാനി തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട് ഗവൺമെന്റുമായി സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ ഇതിനായി എന്തെല്ലാം നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്. ഭവാനിപ്പുഴയിലെ തടയണ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയിൽ ശ്രീ. റ്റി. നഞ്ചൻ എന്ന വ്യക്തിയുടെ ഒ. പി. യും, മദ്രാസ് ഹൈക്കോടതിയിൽ ശ്രീ. ഗോപാൽജി എന്ന വ്യക്തിയുടെ റിട്ട് പെറ്റീഷനും, കാവേരി നദീജലതർക്ക ട്രിബ്യൂണലിൽ തമിഴ്നാട് ഗവൺമെന്റ് ഒരു സിവിൽ മിസലേനിയസ് പെറ്റീഷനും ഫയൽ ചെയ്തിരുന്നു.

(സി) മുക്കാലിയിലെ തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് കാവേരി നദീജല ട്രിബ്യൂണലിലും ശ്രീ. ആർ. ഗോപാൽജി മദ്രാസ് ഹൈക്കോടതിയിലും ശ്രീ. റ്റി. നഞ്ചൻ കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തിരുന്ന കേസുകളിന്മേൽ സത്യവാങ്മൂലവും എതിർ സത്യവാങ്മൂലവും സമർപ്പിച്ചിട്ടുണ്ട്. ഇതിൽ മദ്രാസ് ഹൈക്കോടതിയിലും കേരള ഹൈക്കോടതിയിലും നിലവിലുണ്ടായിരുന്ന കേസുകൾ ബഹുമാനപ്പെട്ട കോടതികൾ തള്ളിക്കളഞ്ഞു. കാവേരി നദീജല ട്രിബ്യൂണലിന്റെ മുക്കാലി തടയണ നിർമ്മാണം നിർത്തിവയ്ക്കണമെന്ന വിധിയിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കേരള സർക്കാർ കേന്ദ്ര പരിസ്ഥിതി-വനം വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരത്ത് വച്ച് 13-2-2003-ൽ കേരളവും തമിഴ്നാടും തമ്മിൽ നടന്ന മന്ത്രിതല യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തിരുന്നു.

(ഇ) പ്രസ്തുത യോഗത്തിൽ മുക്കാലി തടയണയുടെ നിർമ്മാണത്തിന്റെ ആവശ്യകതയെപ്പറ്റി വിശദമായി ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആരായുന്നതിനായി അയച്ചു കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുക്കാലിയിലെ തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് കാവേരി നദീജല ട്രിബ്യൂണലിലും, ശ്രീ. ആർ ഗോപാൽജി മദ്രാസ് ഹൈക്കോടതിയിലും ശ്രീ. റ്റി. നഞ്ചൻ കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ സത്യവാങ്മൂലവും എതിർ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ മദ്രാസ് ഹൈക്കോടതിയിലും കേരള ഹൈക്കോടതിയിലും നിലവിലുണ്ടായിരുന്ന കേസുകൾ ബഹുമാനപ്പെട്ട കോടതികൾ തള്ളിക്കളഞ്ഞു. കാവേരി നദീജല ട്രിബ്യൂണലിന്റെ മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന വിധിയിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ പദ്ധതികൾ പൂർത്തിയാക്കി നടപ്പാക്കുന്നതിൽ നേരിടുന്ന അധികചെലവ്

8 (*335) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതികൾ പൂർത്തിയാക്കി നടപ്പാക്കുന്ന കാര്യത്തിൽ അധികചെലവ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അധിക ചെലവ് ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത കാരണങ്ങൾ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ എന്തു തുകയുടെ അധികച്ചെലവ് വന്നിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഇ) നിലവിൽ പണി നടന്നുവരുന്ന പദ്ധതികൾക്ക് അധികച്ചെലവ് വേണ്ടിവരുമോ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഉണ്ട്.

(ബി)

1. തൊഴിൽ സമരങ്ങൾ ഒത്തുതീർപ്പാക്കുന്നതിന് കൊടുക്കേണ്ടിവരുന്ന കോമ്പൻസേഷൻ.
2. ജിയോളജിക്കൽ പ്രശ്നങ്ങൾമൂലം ഡിസൈനിൽ വന്ന വ്യതിയാനംമൂലം അധിക ജോലികൾ ആവശ്യമായി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly